**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 80** | **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിദ്യാർത്ഥികൾക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്ക വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള സഹായങ്ങൾ പുതിയ മേഖലയിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികളായ പ്രീ-മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, ഇതര സംസ്ഥാന പഠനം, ലാപ്ടോപ്പ് വിതരണം, പഠന മുറി പദ്ധതി, ഗോത്രബന്ധു പദ്ധതി, ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി എന്നിവയ്ക്ക് പുറമെ മറ്റ് മേഖലകളിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്<br><br>2.അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് സ്കോളർഷിപ്പ്<br><br>3. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം<br><br>4. വിവിധ പൊതു പ്രവേശനപരീക്ഷകൾക്കുള്ള പരിശീലനം.<br><br>5. ലക്ഷ്യ - സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം<br><br>6. വിങ്ങ്സ്-കൊമേഴ്ഷ്യൽ പൈലറ്റ് ലൈസൻസ് പരിശീലനം<br><br>7. വിഷൻ - മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം.<br><br>കൂടാതെ CA/ICWA/CS/ICFA പോലുള്ള ന്യൂ ജനറേഷൻ കോഴ്സുകൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കായി പ്രീമെട്രിക്ക് തലത്തിൽ കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി , പോസ്റ്റ് മെട്രിക് തലത്തിൽ സ്പെഷ്യൽ സ്കോളർഷിപ്പ് പദ്ധതി, ബി.എസ്.സി നഴ്സിംഗ് വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് കോഴ്സുകളുടെ പരിശീലനം എന്നിവ പുതുതായി നടപ്പാക്കി വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ; | (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. സ്വയം തൊഴിൽ പദ്ധതി<br>2. ഉന്നതി സ്റ്റാർട്ട് അപ്പ് മിഷൻ<br>3. നൈപുണ്യ വികസന പരിശീലന പദ്ധതി<br>4.വിദേശ തൊഴിൽ ധനസഹായ പദ്ധതി<br>5. ട്രേസ് പദ്ധതി<br>6. ട്രൈബൽ പാരാമെഡിക്സ് ട്രെയിനി പദ്ധതി<br>7. വിജ്ഞാൻവാടി<br>പിന്നാക്ക വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനായി എംപ്ലോയിമെന്റ് എൻഹാൻസ്മെന്റ് പ്രോഗ്രാം, കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ, അഡ്വക്കേറ്റ് ഗ്രാന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | ഈ പദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | പ്രസ്തുത പദ്ധതികൾ പ്രകാരം പട്ടികജാതി -പട്ടികവർഗ്ഗ -പിന്നാക്ക വിഭാഗത്തിലുള്ള യുവജനങ്ങളെ ശാക്തീകരിക്കുന്നതിനും, സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനും, മത്സരപരീക്ഷകളിൽ ഉന്നത വിജയം കൈവരിച്ച് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ